# ഹൃദയങ്ങളിൽ തൊട്ട് 'വിശ്വാസ്' പത്താം വർഷത്തിലേക്ക്

പാലക്കാട്: കുറ്റകൃത്യങ്ങൾക്കും അധികാര ദുർവിനിയോഗത്തിനും അവകാശ നിഷേധത്തിനും ഇരകളായവരുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്ന സംഘടനയായ വിശ്വാസിന്റെ പത്താം വാർഷികത്തിനോടാനുബന്ധിച്ച പരിപാടികൾ ഡിസംബർ 30 മുതൽ ജനുവരി ഇരുപത്തി ആറുവരെ നടത്തും .

കഴിഞ്ഞ 10 വർഷമായി പാലക്കാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിച്ചുവരുന്ന വിശ്വാസ് 2013 ജനുവരി രണ്ടിന് പാലക്കാട് ജില്ല കലക്ടർ അലി അസ്കർ പാഷയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പത്മശ്രീ ഡോ.സുനിത കൃഷ്ണൻ ആണ് ഉദ്ഘാടനം ചെയ്തത്. തുടർന്ന് പാലക്കാട് ജില്ലാ കളക്ടർമാരായ കെ. രാമചന്ദ്രൻ, മേരിക്കുട്ടി, ഡോ. അജയ്കുമാർ, ഡി. ബാലമുരളി എന്നിവർ വിശ്വാസിനെ നയിച്ചു. വിശ്വാസ് നിയമവേദി, ഇ നീതികേന്ദ്ര, സുരക്ഷ, വോളന്റിയർ ഗ്രൂപ്പ് ചിറ്റൂർ സർവീസ് പ്രോവൈഡിങ് സെന്റർ, ഉച്ചക്കൊരൂൺ തുടങ്ങിയ നിരവധി പ്രവർത്തനങ്ങളിലൂടെ സമൂഹത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കും ഇരകൾക്കും താങ്ങാവുന്ന വിശ്വാസിന്റെ ഇപ്പോഴത്തെ പ്രസിഡന്റ് പാലക്കാട് ജില്ലാ കളക്ടർ മൃൺ മൈ ജോഷിയാണ്. പത്തു വർഷം തികയുന്ന വിശ്വാസിന്റെ തീം ലോഗോ 'ടച്ചിങ് ഹാർട്സ്' പ്രകാശനം പാലക്കാട് എം.പി ശ്രീകണ്ഠൻ നിർവഹിച്ചു . പത്താം വാർഷികത്തോടനുബന്ധിച്ച് 30.12.2022 മുതൽ 26.01.2023 വരെ വിവിധ പരിപാടികൾ നടത്തുമെന്ന് പത്രസമ്മേളനത്തിൽ വിശ്വാസ് വൈസ് പ്രസിഡന്റ് ബി. ജയരാജൻ, സെക്രട്ടറി പ്രേം നാഥ് പി, അഡ്വ എസ് ശാന്താദേവി, ജോയിന്റ് സെക്രട്ടറി ദീപ ജയപ്രകാശ്, എം. ദേവാദസൻ, എം ബി മൊഹമ്മദ് അൻസാരി എന്നിവർ പറഞ്ഞു.




*വിശ്വാസിന്റെ പത്താം വാർഷികത്തിനോടാനുബന്ധിച്ച് പ്രസ് ക്ലബ്ബിൽ നടത്തിയ പത്രസമ്മേളനം*